പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ

നടപടി ഉത്തരവ്

(ഹാജർ : ശ്രീ. അനിൽ ജി)

വിഷയം : പി.വി.വി. - എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 2018-19 മെഡിക്കൽ/ എഞ്ചിനീയറിംഗ്, സിവിൽ സർവ്വീസ് വിഭാഗത്തിലെ ഗുണഭോക്താക്കളുടെ രണ്ടാംഘട്ട പട്ടിക (അന്തിമം) തയ്യാറാക്കി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1) പിവിവിവ ഡയറക്ടറുടെ 31/08/2018 ലെ **BCDD/A3/1237/2018(1)** നമ്പർ വിജ്ഞാപനം

2) സ.ഉ.(സാധാ).നം.08/2018/പി.വി.വി.വ തീയതി 02.02.18

3) പിന്നാക്ക വിഭാഗ വകുപ്പ് ഡയറക്ടറുടെ 05.02.19 ലെ **BCDD/A3/1237/2018** നമ്പർ ഉത്തരവ്

4) 16.02.2019-ലെ എറണാകുളം മേഖലാ ഡപ്യൂട്ടീ ഡയറക്ടറുടെ ഡി.ഡി.ഇ. കെ.എം./എ1/3041/2018 നമ്പർ ഉത്തരവ്

5) 28.02.2019-ലെ എറണാകുളം മേഖലാ ഡപ്യൂട്ടീ ഡയറക്ടറുടെ ഡി.ഡി.ഇ. കെ.എം./എ1/3041/2018 നമ്പർ ഉത്തരവ്

6) 05.03.2019-ലെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ ബി.സി, ഡി.ഡി/എ3/1237/18 നമ്പർ ഉത്തരവ്

---

**DDEKM/A1/3041/2018** തീയതി 18.03.2019

---

**പി**ന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മത്സര പരീക്ഷാ പരിശീലന ധനസഹായ പദ്ധതിയായ ''എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന്'' (2018-19) അപേക്ഷ ക്ഷണിച്ചുകൊണ്ട് പരാമർശം 1 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും പരാമർശം (4) , (5) പ്രകാരം മെഡിക്കൽ /എഞ്ചിനീയറിംഗ്/ബാങ്കിംഗ്/സിവിൽ സർവ്വീസ്/നെറ്റ്/ഗേറ്റ്/മാറ്റ് എന്നീ വിഭാഗങ്ങളിലെ ആദ്യഘട്ട അന്തിമ പട്ടിക പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു.

പരാമർശം (6) പ്രകാരം മെഡിക്കൽ/എഞ്ചിനീയറിംഗ്, സിവിൽ സർവ്വീസ് എന്നീ വിഭാഗങ്ങളിൽ ആനുകൂല്യം അനുവദിക്കുന്നതിലേക്കായി 40,86,464/-(നാൽപ്പത് ലക്ഷത്തി എൺപത്താറായിരത്തി നാനൂറ്റി അറുപത്തി നാലു രൂപ മാത്രം) രൂപ അധികമായി അനുവദിക്കുകയും രണ്ടാംഘട്ട ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന് എറണാകുളം മേഖലാ ഡപ്യൂട്ടീ ഡയറക്ടറെ ചുമതലപ്പെടുത്തുയും ചെയ്തിരുന്നു. ടി തുകയും വിവിധ വിഭാഗങ്ങളിൽ ആദ്യഘട്ടം തുക അനുവദിച്ചിരുന്നതിൽ ശേഷിച്ചിരുന്ന 55,986/- രൂപയും ചേർത്ത് വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി മെഡിക്കൽ/എഞ്ചിനീയറിംഗ്, സിവിൽ സർവ്വീസ് വിഭാഗത്തിൽ എറണാകുളം കോഴിക്കോട് മേഖലകളിൽ നിന്നായി ആകെ 41,31,061/- രൂപയുടെ (നാൽപ്പത്തൊന്ന് ലക്ഷത്തി മുപ്പത്തൊന്നായിരത്തി അറുപത്തിയൊന്ന് രൂപ മാത്രം) 146 പേരടങ്ങുന്ന രണ്ടാംഘട്ട ഗുണഭോക്തൃ പട്ടിക തയ്യാറാക്കി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

ഓരോ സ്കീമിലും തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം ആകെ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കീം | തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം | | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|
| 1 | മെഡിക്കൽ/എഞ്ചിനീയറിംഗ് | എറണാകുളം | 36 | 1031161/- |
| | | കോഴിക്കോട് | 81 | 2374900/- |
| | | ആകെ | 117 | 3406061/- |
| 2 | സിവിൽ സർവ്വീസ് | എറണാകുളം | 9 | 225000/- |
| | | കോഴിക്കോട് | 20 | 500000/- |
| | | ആകെ | 29 | 725000/- |
| | | ആകെ തുക | | 4131061/- |

രണ്ടാംഘട്ട ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അർഹമായ തുക അവരവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ബിൽ ഇൻഫോർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം മുഖേന ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി മേഖല തിരിച്ച് ചെയ്യേണ്ടതാണ്.

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്- തിരുവനന്തപുരം (ആമുഖകത്ത് സഹിതം)

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ -കോഴിക്കോട്

ഐ.ടി. ഡിവിഷൻ പി.വി.വി.വ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

എ2 സീറ്റ് (ബിൽ മാറി തുക ക്രഡിറ്റ് ചെയ്യുന്നതിന്)

നോട്ടീസ് ബോർഡ്

കരുതൽ/ അധികം